പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1835 11.02.2013 - ൽ മറുപടിയ്ക്ക്

**കേരളത്തെ ഭിക്ഷാടനരഹിത സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള നടപടികൾ**

ചോദ്യം
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തെരുവിൽ അലഞ്ഞ് തിരിയുന്ന ഭിക്ഷക്കാരെ കസ്റ്റഡിയിൽ എടുത്ത് സംരക്ഷണ ഭവനങ്ങളിൽ എത്തിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | യാചകരെ പുനരധിവസിപ്പിക്കുന്നതിന് തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ സാക്ഷാത്ക്കാരം എന്ന പേരിൽ ഒരു പുനരധിവാസ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.കൂടാതെ ഗവൺമെന്റേതര ഏജൻസികളുടെ നേതൃത്വത്തിലും ഇത്തരം സംവിധാനങ്ങൾനിലവിലുണ്ട്. |
| (ബി) | ഇത്തരം ആളുകളിൽ വിവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവരും മാനസികരോഗങ്ങൾ, പകർച്ചാവ്യാധികൾ എന്നിവ പിടിപെട്ടിട്ടുള്ളവരും ഉണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | നിലവിലുള്ള സ്ഥാപനങ്ങളിൽ ഈ വിഭാഗം ആളുകളെ ഉൾക്കൊള്ളുവാൻ കഴിയുന്നില്ല എന്നത് കണക്കിലെടുത്ത് അവരെ കസ്റ്റഡിയിൽ എടുത്ത് ആവശ്യമായ വൈദ്യപരിശോധനയും മാനസികപരിശോധനയും നടത്തി, യുക്തമായ സ്ഥാപനങ്ങളിലേയ്ക്ക് പുന:ക്രമീകരിക്കുന്നതിന് ജില്ലാ ആസ്ഥാനങ്ങളിൽ ഓരോ ഷെൽറ്റർ ഹോമുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | തിരുവിതാംകൂർ രാജഭരണ പ്രദേശത്ത് നിലവിലുണ്ടായിരുന്ന ട്രാവൻകൂർ ബെഗറി പ്രിവൻഷൻ ആക്ട്, കൊച്ചി രാജ്യത്തിന്റെ പരിധിയിൽപ്പെടുന്ന ജില്ലകളിലെ കൊച്ചി വാഗരണി ആക്ട് മലബാർ മേഖല ഉൾപ്പെടുന്ന ജില്ലകളിൽ ഉണ്ടായിരുന്ന മദ്രാസ് ബെഗറി പ്രിവൻഷൻ ആക്ട് എന്നിവ ക്രോഡീകരിച്ച് കേരളത്തെ ഭിക്ഷാടനരഹിത സംസ്ഥാനമാക്കുവാൻ കേരള ബെഗറി പ്രിവൻഷൻ ആക്ട് പാസ്സാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പരിശോധിക്കുന്നതാണ് |

R. Vijay (signature)
സെക്ഷൻ ഓഫീസർ